# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 234. 12.02.2019 -ലെ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളി ക്ഷേമപദ്ധതികൾ

ചോദ്യം മറുപടി

**ശ്രീ.പുരുഷൻ കടലുണ്ടി**
**ശ്രീ.എ. പ്രദീപ് കുമാർ**
**ശ്രീ.വി. അബ്ദുറഹിമാൻ**
**ശ്രീ. എം. മുകേഷ് :**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചിസ് പദ്ധതിയുടെ പ്രയോജനം എത്ര തൊഴിലാളി കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ; ഏതെല്ലാം വിഭാഗങ്ങളെ പുതുതായി ചിസ് പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ 19.39 ലക്ഷം കുടുംബങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ചിസ് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നു. ചിസ് പദ്ധതിയിൽ പുതുതായി അംഗങ്ങളാക്കിയ വിഭാഗങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; എത്ര തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് സർക്കാർ 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ, സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് കൂടി ഉറപ്പുവരുത്തുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണം ഉൾപ്പടെ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ, ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡ് സവിശേഷ തിരിച്ചറിയൽ നമ്പർ ക്യൂ.ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. 06/02/2019 വരെ 3,60,176 ഇതര സംസ്ഥാന തൊഴിലാളികൾ ആവാസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് ന്യായവേതനവും സാമൂഹ്യസുരക്ഷയും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ പരമായ ആവശ്യങ്ങളിൽ സഹായങ്ങൾ നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുകയും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനും, ബാങ്കിംഗ്, ആരോഗ്യ, യാത്ര സംബന്ധമായ എല്ലാ ആവശ്യങ്ങളിലും ഫെസിലിറ്റേഷൻ സെന്റർ മുഖേന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരികയും പരാതികൾക്ക് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം വഴി ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹമായ നിയമ പരിരക്ഷയെ കുറിച്ച് ബോധവത്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒരുപരിധി വരെ ഒഴിവാക്കുവാനും കഴിയുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. ഈ ക്യാമ്പുകളിൽ മരുന്നുകൾ സൗജന്യമായി നൽകി വരുന്നു. തുടർചികിത്സ ആവശ്യമെന്നു കണ്ടാൽ തൊട്ടടുത്ത സർക്കാർ ആശുപത്രികളിലേക്ക് റഫർ ചെയ്യാറുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെട്ട ടീം ലേബർ ക്യാമ്പുകളിൽ സ്ക്വാഡ് പരിശോധന നടത്തുകയും പരിസര ശുചീകരണം, ആരോഗ്യ പരിപാലനം എന്നിവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു.<br>കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം മരണാനന്തര സഹായം (25000/- രൂപ) അപകട മരണം സംഭവിച്ചാലുള്ള ധനസഹായം (2 ലക്ഷം രൂപ) ചികിത്സാ സഹായം (20,000/- രൂപ വരെ) ടെർമിനൽ ബെനഫിറ്റ് (25,000/- രൂപ മുതൽ 50,000/-രൂപ വരെ) സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതീക ശരീരം സ്വദേശത്തെത്തിക്കുന്നതിനുള്ള ആനുകൂല്യം (5000/- രൂപ വരെ) വിദ്യാഭ്യാസ ഗ്രാന്റ് (1000/- രൂപ മുതൽ 3000/- രൂപ വരെ) തുടങ്ങിയ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. |
| (ഡി) | അപ്നാഘർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | അപ്നാഘർ പദ്ധതിയുടെ പാലക്കാട്ടുള്ള പാർപ്പിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതിയ്ക്കായി എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും, കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റു ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**ചിസ് പദ്ധതിയിൽ പുതുതായി അംഗങ്ങളാക്കിയ വിഭാഗങ്ങൾ**

1. എച്ച്.ഐ.വി അണുബാധിതർ
2. അന്ത്യോദയ അന്ന യോജനയിലും മുൻഗണനയിലും ഉൾപ്പെട്ട (മഞ്ഞയും, പിങ്കും കളർ) റേഷൻ കാർഡ് ഉടമകൾ
3. 1000/- രൂപയോ അതിൽ താഴെയോ ഇ.പി.എഫ് പെൻഷൻ വാങ്ങുന്നവർ
4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ
5. ഓച്ചിറയിൽ അന്തേവാസികളായി ജീവിക്കുന്ന 204 വൃദ്ധജനങ്ങൾ
6. പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭിക്കാത്ത അംഗങ്ങൾ.
7. ചികിത്സാർത്ഥം സംസ്ഥാന മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകൾ
8. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (പ്രീമിയം വിഹിതം ക്ഷേമനിധി ബോർഡ് നൽകുന്നത്)
9. ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ (ബോർഡിൽ നിന്നും ചികിത്സാനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ)
10. ചെറുകിട പവർലൂം മേഖലയിലെ തൊഴിലാളികൾ

സെക്ഷൻ ഓഫീസർ